സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: സപ്ലീസ് സംയോജനം പൂർത്തിയാക്കാൻ പുതിയ പദ്ധതി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഈ സംഗതിയിൽ ശരിയായ ഒരു അവസാന തീരുമാനം ചെയ്യുന്നതിനു് വ്യവസ്ഥകളും ചെയ്യുന്നുണ്ടു്. ആ വിവരം ഈ സെഷനിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിലും പറഞ്ഞിട്ടുള്ളതാണു്. തിരുവിതാംകൂർ–കൊച്ചിയിൽ പ്രത്യേക താല്പര്യമില്ലാത്തവരും ശരിയായ ഇൻടഗ്രിറ്റി ഉണ്ടെന്നു് സമ്മതിക്കപ്പെട്ടിട്ടുള്ളവരും ആയ ഏതെങ്കിലും ഒരാളിന്റെ മേൽനോട്ടത്തിൽ ഈ പ്രശ്നം വയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണു്.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: അങ്ങനെയുള്ള ആളിനെ നിയമിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: പ്രസ്താവന കഴിഞ്ഞിട്ടു് ഒരു മാസം കഴിഞ്ഞിട്ടും ഇതുവരെ നിയമിക്കാത്തതു് എന്തുകൊണ്ടാണു്?

Mr. Speaker: No discussion is allowed.

സാഹിബ്ബ് ബഹദൂർ കെ. എ. മുഹമ്മദു്: ഈ ആവശ്യത്തിലേക്കു് മി. സുന്ദരത്തിനെ നിയമിച്ചു എന്നു പറയുന്നതു് ശരിയാണോ?

ശ്രീ. സി. കേശവൻ: മി. സുന്ദരം ഇന്ത്യാഗവൺമെണ്ടു് സെക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥനാണു്. അദ്ദേഹത്തെ ഇന്ത്യാഗവൺമെണ്ടു് ചില കാര്യങ്ങൾ അന്വേഷിക്കാനായിട്ടു് അയച്ചിരിക്കുകയാണു്. ആ കൂട്ടത്തിൽ അദ്ദേഹം ഇതും നോക്കി എന്നേയുള്ളു. അല്ലാതെ അദ്ദേഹത്തെ നിയമിച്ചിട്ടില്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: കൺഫർമേഷൻ സംബന്ധിച്ചാണോ ഗ്രഡേഷൻ സംബന്ധിച്ചാണോ വിഷമതകളുള്ളതു്?

ശ്രീ. സി. കേശവൻ: രണ്ടിനെസംബന്ധിച്ചുമുണ്ടു്.

ശ്രീ. എ. താണുപിള്ള: മി. സുന്ദരത്തെ നിയമിച്ചതാരാണു്?

ശ്രീ. സി. കേശവൻ: ഇന്ത്യാഗവൺമെണ്ടു് അയച്ചതാണു്. മറ്റു സംഗതികളുടെ കൂട്ടത്തിൽ ഈ സംഗതിയും നോക്കാനായി അയച്ചിട്ടുണ്ടു്.

ശ്രീ. എം. ഐ. പോഠം: അദ്ദേഹത്തിനു് ഈ ശവൺമെണ്ടിൽനിന്നും വല്ല ശമ്പളവും കൊടുക്കുന്നുണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

Sri. P. S. Nataraja Pillai: Is it a fact that the State Department of the Government of India is going to do the integration for this State?

Sri. C. Kesavan: No.

നൂറുരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാർ

*ഫ ഫ ഫ (ഫൻ) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി പബ്ലിക്ക് സപ്ലീസ് കമ്മീഷനിൽ നൂറുരൂപയിൽ കൂടുതൽ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടെ ആകെ എണ്ണം എത്ര;

(ബി) അവരുടെ ജാതി തിരിച്ചുള്ള ഒരു പട്ടിക പ്രസ്താവിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ് മിനിസ്റ്റർ (സി. കേശവൻ):

(എ) വ.

(ബി) ആംഗ്ലിക്കൻ ഫ, നായർ ന, ബ്രാഹ്മണൻ ന, ഈഴവൻ ഫ

ഭക്ഷ്യധാന്യനിയന്ത്രണം

*ഫ ഫഫ൩ (ഫ ൦) സാഹിബ്ബ് ബഹദൂർ എ. എം. മുസ്തഫാ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

ഭക്ഷ്യധാന്യനിയന്ത്രണം സംബന്ധിച്ച് അന്വേഷണം നടത്തുവാൻ കേന്ദ്ര കോൺഗ്രസ്സ് പാർട്ടി പണ്ഡിറ്റ് താക്കൂർദാസ് ഭാർഗവയുടെ അദ്ധ്യക്ഷതയിൽ നിയമിച്ചിരുന്ന കമ്മിറ്റിയുടെ റിപ്പോർട്ട് ഈ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള): ഇല്ല.

ഇരുമ്പു നിയന്ത്രണം

*ഫ ഫഫ൭ (ഫ ഫ) ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് കൺട്രോൾ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെർമിറ്റിൽ കവിഞ്ഞു വലിയ തോതിൽ ഇരുമ്പു ശേഖരിച്ചു വച്ചിരുന്ന കച്ചവടക്കാരുടെ മേൽ ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും നടപടി നടത്തിയോ;

(ബി) 'എ'ക്കുത്തരം നടപടി നടത്തി എന്നാണെങ്കിൽ അതു് എന്നായിരുന്നു;

(സി) എത്ര കേറക്കാർ ഉണ്ടായിരുന്നുവെന്നും അതിൽ എത്രപേരെ പ്രോസിക്യൂട്ട് ചെയ്തുവെന്നും പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പ് മന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഉണ്ട്.

(ബി) നാലുമാസത്തിനു മുമ്പ്.

(സി) നാലുപേർ. ചിലരെ നിയമമനുസരിച്ച് ഡിറെയിൻ ചെയ്യുകയും ചിലരെ പ്രോസിക്യൂട്ട് ചെയ്തുയും ചെയ്തിട്ടുണ്ട്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ്: ഇത്ര വലിയ തോതിൽ ഇരുമ്പ് അവരുടെ കയ്യിൽ വന്നുചേർന്നതെങ്ങിനെ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിഞ്ഞുകൂടാ.

ശ്രീ. ഇട്ടേര അയ്യക്കൻ: സ്റ്റോക്ക് ചെയ്തിട്ടുള്ളതെല്ലാം ഗവൺമെണ്ട് നൽകിയിട്ടുള്ള പെർമിറ്റനുസരിച്ച് വാങ്ങിയിട്ടുള്ളതാണോ?

ശ്രീ. ടി. കെ. നാരായണപിള്ള: അല്ലെന്നാണറിവ്. വ്യക്തികളിൽനിന്നോ വ്യക്തിസമൂഹങ്ങളിൽനിന്നോ വാങ്ങിച്ചതാണ്.

ശ്രീ. ഇട്ടേര അയ്യക്കൻ: ബോംബെയിലെ ഒരു കമ്പനിയിൽനിന്നും കൂടുതൽ വിലകൊടുത്തു് വാങ്ങിയിട്ട് അതു് അതിനനുസരിച്ച് കൂടുതൽ വിലക്ക് വില്ക്കുന്നതു് ബ്ലാക്കുമാർക്കറ്റ് പരിധിയിൽ പെടുമോ?

LIBRARY ARCHIVES Kerala Legislative Assembly